**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തിരുവനന്തപുരം നഗരസഭ - ബി.എസ്.യു.പി പ്രോജക്ടിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹോണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം. 1777/2016/തസ്വഭവ. തിരുവനന്തപുരം, തീയതി 28/05/2016.

---

പരാമർശം:- (1) 28.10.2014 ലെ സ.ഉ.(പി) നമ്പർ 466/2014/ഫിൻ നമ്പർ ഉത്തരവ്.

(2) 25.07.2015 ലെ സ.ഉ. (സാധാ) നമ്പർ 2282/2015/തസ്വഭവ നമ്പർ ഉത്തരവ്.

(3) തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 22.12.2015 ലെ BSUP/H16/UPA2/7019/2009 നമ്പർ കത്ത്.

**ഉത്തരവ്**

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വിവിധ കാറ്റഗറിയിലുള്ള ജീവനക്കാരുടെ വേതനം പരാമർശം (1) ഉത്തരവ് പ്രകാരം പുതുക്കി നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എൻജിനീയർമാർക്കും ഓവർസീയർമാർക്കും യഥാക്രമം 30,000/- രൂപയും 20,000/- രൂപയും പ്രതിമാസം ഹോണറേറിയം നൽകുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (1) ൽ പ്രതിപാദിച്ചിട്ടുള്ള ഹോണറേറിയം ബി.എസ്.യു.പി. സെക്ഷനിലെ ക്ലാർക്കിനും പരാമർശം (2) ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഹോണറേറിയം ഓവർസീയർക്കും ബാധകമാക്കാവുന്നതാണോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം (3) പ്രകാരം തിരുവനന്തപുരം നഗരസഭാ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയിലെ ബി.എസ്.യു.പി പദ്ധതിയുമായി ബന്ധപ്പെട്ട് കരാറടിസ്ഥാനത്തിൽ നിയമിച്ച ഓവർസീയർ, ഓഫീസ് അസിസ്റ്റന്റ് എന്നിവർക്ക് Maximum monthly contract pay ആയി 19,000/- രൂപ 01.04.2016 മുതൽ വർദ്ധനവ് നൽകുന്നതിന് തിരുവനന്തപുരം നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**എൻ.വിശ്രുതൻ ആചാരി**
**അണ്ടർ സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**